**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **19-06-2024 - ൽ മറുപടിയ്ക്ക്**

**ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ പൊട്ടൽ കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ; | (എ) | നിർമ്മാണ ഏജൻസിയായ വൈബ്കോസിന്റെ പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ആക്കുളത്തെ ഗ്ലാസ് ബ്രിഡ്ജിന്റെ structural stability സംബന്ധിച്ച് കോഴിക്കോട് NIT -ലെ വിദഗ്ധർ ഉൾപ്പെടുന്ന സംഘം പരിശോധന നടത്തിയിരുന്നു. ഗ്ലാസിന്റെ stability പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നോയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സുരക്ഷാ മാനദണ്ഡങ്ങളാണ് ഉറപ്പ് വരുത്തിയതെന്ന് വ്യക്താക്കാമോ; | (ബി) | NITയുടെ പരിശോധന റിപ്പോർട്ട് ഉൾപ്പെടെ മറ്റ് പരിശോധനാ റിപ്പോർട്ടുകൾ ലഭ്യമായാൽ മാത്രമേ പൊതുജനത്തിനായി ഗ്ലാസ് ബ്രിഡ്ജ് തുറന്ന് നൽകുന്നതിൽ തീരുമാനം എടുക്കുകയുള്ളൂ. |
| (സി) | പ്രസ്തുത സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിറ്റിപിസിയ്ക്ക് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ